## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5580 29.07.2015 - ൽ മറുപടിയ്ക്ക്**

## ഐ.എം.ജിയുടെ പരിശീലന പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.എം.എ.വാഹീദ് | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഐ.എം.ജിയുടെ പരിശീലന പരിപാടികൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഐ.എം.ജിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി 44 സർക്കാർ വകുപ്പിലെ ജീവനക്കാർക്ക് ശാസ്ത്രീയമായ പരിശീലനം കൊടുക്കാനായി 941 പരിശീലന പരിപാടികൾ 2015-16 ൽ നടത്തുന്നുണ്ട്.<br>കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ പരിശീലകർക്കുള്ള പരിശീലന പരിപാടി, വിവിധസർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടി, തിരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള ഇന്റ്റൻസീവ് ട്രെയിനിംഗ് പ്രോഗ്രാം എന്നിവയും നടന്നുവരുന്നു.<br>2. വിവിധ സംസ്ഥാനങ്ങളിലെ പ്രൊമോഷൻ വഴി ഐ.എ.എസ്. ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ഇൻഡക്ഷൻ ട്രയിനിംഗ് രണ്ടു ബാച്ചുകളിലായി 2015-16 ൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br>3. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ 3 ഗവേഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>i) DARPG - Study to Identify Factors Facilitating Enabling Environment for Effective Service Delivery in Rural and Urban Local Governments in Kerala.<br>ii) Customer Satisfaction Survey Project supported by DARPG.<br>iii) State Collaboration Initiative Proposal to develop Competency Frame Work for Personnel at cutting edge level (RM) |

| | | | |
|---|---|---|---|
| | | | 4. UNEP യുമായിച്ചേർന്ന് സുസ്ഥിര വികസന പരിശീലനപരിപാടികൾ ദേശീയതലത്തിൽ സംഘടിപ്പിച്ചു വരുന്നു.<br>5. UK യിലെ Reading University യുമായിച്ചേർന്ന് പരിശീലന പരിപാടികളും ഗവേഷണ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>6. സേവനാവകാശ നിയമത്തിൽ വിവിധ പരിശീലന പരിപാടികൾ വിപുലീകരിച്ചു നടത്തിക്കൊണ്ടിരിക്കുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ അറിവും പ്രാവീണ്യവും, മനോഭാവവും മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് നല്ല സേവനം ലഭ്യമാക്കുക എന്നുള്ളതാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | ഇത് നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) | ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെയും, കേന്ദ്ര ഗവൺമെന്റിന്റെയും സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ